**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1292** **01-02-2024 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ അടിഭാഗം ജനകീയ ഹബ്ബുകളാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പാലങ്ങളുടെ അടിഭാഗം ജനകീയ ഹബ്ബുകളാക്കാനുള്ള തീരുമാന പ്രകാരം ഏതൊക്കെ പാലങ്ങളാണ് പ്രസ്തുത ലക്ഷ്യങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പാലങ്ങളുടെ അടിഭാഗം ജനകീയ ഹബ്ബുകളാക്കാനുള്ള തീരുമാന പ്രകാരം എസ്.എൻ. കോളേജ് കൊല്ലം, റെയിൽവെ മേൽപാലത്തിന്റെ അടിഭാഗം വികസിപ്പിക്കുന്നതിന്, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്(KTIL) പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. |
| (ബി) | പാലങ്ങളുടെ പ്രസ്തുത വികസനവുമായി ബന്ധപ്പെട്ട സാധ്യതാ പഠനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | സാധ്യതാപഠനം നടന്നു വരുന്നു. |
| (സി) | ടൂറിസം വകുപ്പ് പഠന-നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം സംവിധാനങ്ങളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ? | (സി) | പൈലറ്റ് പദ്ധതി വിനോദസഞ്ചാര വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് -ന്റെ മേൽനോട്ടത്തിൽ ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പൈലറ്റ് പദ്ധതിയുടെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് – നെ യാണ് നിശ്ചയിച്ചിട്ടുള്ളത്. സീറ്റിംഗ് ഏരിയകൾ, ഫുഡ് കിയോസ്കുകൾ, വർക് സ്പേയ്സുകൾ, വാക്-വേകൾ, ചെസ് ബ്ളോക്കുകൾ, ശിൽപങ്ങൾ, മിനി പ്ളാസ, ബാസ്കറ്റ് ബോൾ/ ബാറ്റ്മിന്റൺ കോർട്ടുകൾ, യോഗ/മെഡിറ്റേഷൻ ഏരിയകൾ, ഓപ്പൺ ജിം, സ്കേറ്റിംഗ് സർഫേസ്, ടൂവീലർ/കാർ പാർക്കിംഗ് ഏരിയകൾ മുതലായ സംവിധാനങ്ങൾ ആണ് പൈലറ്റ് പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ